പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 337

25.6.2013 ൽ
മറുപടിയ്ക്ക്

സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി ;<br>ശ്രീ. എളമരം കരീം ;<br>ശ്രീ. എസ്. ശർമ്മ ;<br>ശ്രീ. റ്റി.വി. രാജേഷ് ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ; | എ) | സ്മാർട്ട്സിറ്റിയിൽ 10900 ചതുരശ്രയടി വിസ്തീർണ്ണത്തിലുള്ള പവലിയന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വ്യത്യസ്ത നിർമ്മാണ പ്രവർത്തനങ്ങളെ ഏകോപിക്കുന്നതിന് പ്രോജക്ട് മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 6 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജൂലായിൽ പണി ആരംഭിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| ബി) | ഈ സർക്കാർ സ്മാർട്ട് സിറ്റി പ്രാവർത്തികമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ; | ബി) | സർക്കാരിന്റെ 16 % ഓഹരി പങ്കാളിത്തം ഉറപ്പാക്കുന്നതിനായി 12 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. സ്മാർട്ട്സിറ്റി ഭൂമിയിൽ നിന്നും KSEB യുടെ ഇൻസ്റ്റലേഷൻ മാറ്റി സ്ഥാപിക്കുന്നതിന് KSEB ക്ക് 50,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ഏക സെസ്സ് പദവി നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം നേടിയിട്ടുണ്ട്. വിജ്ഞാപനം ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) | സ്മാർട്ട്സിറ്റിക്ക് മുൻ സർക്കാരിന്റെ കാലത്ത് എത്ര ഏക്കർ ഭൂമിയാണ് നൽകിയതെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഏക്കർ ഭൂമി അധികമായി നല്കിയെന്നും വിശദമാക്കാമോ ; | സി) | സ്മാർട്ട്സിറ്റി പദ്ധതിക്ക് ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരമുള്ള 246 ഏക്കർ ഭൂമി മാത്രമെ നൽകിയിട്ടുള്ളൂ. അധികഭൂമിയൊന്നും ഈ സർക്കാർ നൽകിയിട്ടില്ല. |
| ഡി) | സ്മാർട്ട് സിറ്റിയുടെ മാസ്റ്റർപ്ലാൻ അന്തിമമായി അംഗീകരിച്ചിട്ടുണ്ടോ ; | | (ഡി) യും (ഇ) യും<br>സ്മാർട്ട്സിറ്റിയുടെ കോൺസെപ്റ്റ് മാസ്റ്റർപ്ലാൻ മാത്രമെ തയ്യാറായിട്ടുള്ളൂ. വിശദമായ മാസ്റ്റർപ്ലാൻ ഉടനെ പൂർത്തിയാകുമെന്ന് കരുതുന്നു. |
| ഇ) | നേരത്തെ തയ്യാറാക്കിയ മാസ്റ്റർപ്ലാനിൽ നിന്നും എന്തെല്ലാം മാറ്റങ്ങളാണ് പുതിയ മാസ്റ്റർപ്ലാനിൽ വരുത്തിയതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ